നൃത്തത്തെ ഏറെ ഇഷ്ടപ്പെടുന്ന, വിവാഹശേഷം നൃത്തരംഗത്ത് വീണ്ടും സജീവമായ, നമ്മുടെ കൊല്ലം, കോഴിക്കോട്, കോട്ടയം TB മീറ്റുകളിൽ സോളോ/ഗ്രൂപ്പ് നൃത്ത ഇനങ്ങളിൽ സജീവമായ ഒരു താരം ആകട്ടെ ഈ ആഴ്ചയിലെ ദളം.

ദിവ്യ വി ആർ
എസ് ബി ഐ, മെയിൻ ബ്രാഞ്ച്
തിരുവനന്തപുരം.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നും ആർട്ടിസ്റ്റ് ക്യൂറേറ്റർ ആയി വിരമിച്ച ആർ. രവീന്ദ്രൻ നായരുടെയും, നെടുമങ്ങാട് LMALPS സ്കൂളിൽ നിന്നും പ്രധാന അദ്ധ്യാപിക ആയി വിരമിച്ച എസ്. വത്സല കുമാരി അമ്മയുടെയും രണ്ട് പെൺമക്കളിൽ മൂത്തയാൾ.

ഇളയ സഹോദരി ദൃശ്യ തിരുവനന്തപുരം SAT ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ആയി ജോലി നോക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടിന് സമീപം വേങ്കോട് എന്ന സ്ഥലത്ത് ജനനം. പത്താം ക്ലാസ്സ് വരെ വട്ടപ്പാറ ലൂർദ്ദ് മൗണ്ട് സ്കൂളിലെ പഠന ശേഷം പട്ടം സെന്റ്മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും പ്ലസ് ടൂ. രസതന്ത്രം ഐച്ഛിക വിഷയമായെടുത്ത് തിരുവനന്തപുരം മാർ ഇവനിയോസ് കോളജിൽ നിന്നും ബിരുദവും, കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ നിന്നും അതേ വിഷയത്തിൽ ബിരുദാനന്തബിരുദവും നേടി. നാലാഞ്ചിറ മാർ തിയോഫിലസ് ട്രെയിനിംഗ് കോളജിൽ നിന്നും ബി എഡും കരസ്ഥമാക്കി.

അമ്മ അദ്ധ്യാപിക ആയിരുന്നതിനാൽ ദിവ്യക്കും ഒരു അദ്ധ്യാപിക ആകണമെന്നായിരുന്നു മോഹം. അതിനാൽ ആണ് ബിരുദാനന്തര ബിരുദത്തിന് ശേഷം BEd ന് ചേർന്നത്. പഠനം പൂർത്തീകരിക്കും മുമ്പ് മകൾ ജനിച്ചതിനാൽ രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. സമയം പോകുവാൻ വീടിന് അടുത്തുള്ള ഒരു സ്വകാര്യ സ്ഥാപനത്തിൽ തൊഴിൽ മത്സര പരീക്ഷാ പഠനത്തിന് ചേരുകയും, ബാങ്ക് ടെസ്റ്റ് എഴുതുകയും ചെയ്തു. മുടങ്ങി പോയ BEd പഠനം പൂർത്തീകരിച്ച സമയത്ത് തന്നെ ബാങ്ക് ടെസ്റ്റിന്റെ ഫലം വരികയും SBI യിൽ ക്ലർക്ക് / PO ആയി 2013 ൽ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കൈക്കുഞ്ഞായ മകളെ നോക്കാൻ ഉള്ള സൗകര്യം ഓർത്ത് PO post വേണ്ടെന്നു വയ്ക്കുകയും, ക്ലറിക്കൽ പോസ്റ്റ് തിരഞ്ഞെടുക്കുകയും ചെയ്തു. എറണാകുളം RBO 1 ൽ ആയിരുന്നു ആദ്യ നിയമനം.

2015 ൽ ജന്മ നാടായ തിരുവനന്തപുരത്തേക്കു സ്ഥലംമാറ്റം ലഭിച്ചു. തിരുവനന്തപുരം നഗര പരിധിയിലെ വിവിധ ശാഖകളിൽ ജോലി നോക്കിയ ശേഷം നിലവിൽ മെയിൻ ശാഖയിൽ സീനിയർ

അസ്സോസിയേറ്റ് ആയി ജോലി നോക്കുന്നു.

സ്കൂൾ തലം മുതൽ എല്ലാ പരിപാടികൾക്കും പങ്കെടുക്കുന്നതിൽ മുടക്കമില്ലായിരുന്നു. അതു കലാരംഗത്തായാലും, കായിക രംഗത്തായാലും മാറ്റമില്ല. കിട്ടാവുന്നിടത്തോളം സമ്മാനങ്ങളും നേടുകയും ചെയ്തു. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂളിനെ പ്രതിനിധികരിച്ചു ജില്ലാ യുവജനോത്സവത്തിൽ പങ്കെടുത്ത് സമ്മാനം നേടുകയുണ്ടായി. അതോടോപ്പം സ്കൂൾ - ജില്ലാ തലത്തിലും പ്രവർത്തിപരിചയമേളകളിൽ പങ്കെടുത്തു നേട്ടങ്ങൾ കൊയ്തു. ബിരുദപഠന കാലയളവിൽ കോളേജിനെ പ്രതിനിധീകരിച്ചു ക്വിസ് മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടുകയും ചെയ്തു. സ്കൗട്ട് ആൻ്റ് ഗൈഡ്സിലും സജീവമായിരുന്നു.

2021 ൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തിയ കേരളോത്സവത്തിൽ മാർഗ്ഗം കളിക്കും, തിരുവാതിരകളിക്കും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം. അതേ ഇനങ്ങളിൽ 2024ൽ തിരുവാതിരക്ക് ഒന്നാം സ്ഥാനവും, മാർഗ്ഗം കളിക്ക് മൂന്നാം സ്ഥാനവും ദിവ്യ അടങ്ങുന്ന ടീമിന് ലഭിച്ചു.

ബാങ്കിലെ മിക്ക പരിപാടികളിലും ദിവ്യ നിത്യ സാന്നിദ്ധ്യമാണ്. പ്രത്യേകിച്ച് അവതാരക വേഷം ചെയ്യാൻ അവസരം ഉണ്ടായപ്പോഴൊക്കെ അവയെല്ലാം ഭംഗി ആയി കൈകാര്യം ചെയുകയും ചെയ്തു. SBI സർഗോത്സവത്തിലെ സ്ഥിര സാന്നിദ്ധ്യവുമാണ് ദിവ്യ.

കോവിഡ് സമയത്ത് ക്വാറൻ്റൈൻ ആയിരുന്നപ്പോൾ ആണ് ദിവ്യ TB അംഗം ആകുന്നത്. അടച്ചു മൂടി കഴിയേണ്ടി വന്ന ആ സമയത്ത് TB അംഗങ്ങൾ പലരും അവരുടെ കഴിവുകൾ പോസ്റ്റുകൾ ആയി ഇടുന്നത് കണ്ടു ദിവ്യയ്ക്കും ആവേശമായി. പതുക്കെ പതുക്കെ ഓരോ പോസ്റ്റ് ആയി ഇടാൻ തുടങ്ങി. അംഗങ്ങളുടെ പ്രോൽസാഹനം കൂടി ആയപ്പോൾ പതുക്കെ മകളും ഒത്തുള്ള സ്കിറ്റ്കളും ചെയ്തു തുടങ്ങി.

വീടിന് അടുത്ത് തന്നെയുള്ള ക്ലബിലെ അംഗങ്ങളുമായി ചേർന്ന് വിവിധ ക്ഷേത്രങ്ങളിൽ കൈകൊട്ടിക്കളിയും, തിരുവാതിരയും ദിവ്യയും കൂട്ടരും നടത്താറുണ്ട്.

കൊല്ലം, കോഴിക്കോട്, കോട്ടയം TB മീറ്റ് കളിൽ ദിവ്യയുടെ സോളോ ഡാൻസ് ഉണ്ടായിരുന്നു. കോഴിക്കോട് TB മീറ്റിലെ മെഗാ തിരുവാതിരയിലും പങ്കെടുത്തു . ഇക്കഴിഞ്ഞ TB മീറ്റ് സ്വന്തം നാട്ടിൽ നടന്നപ്പോൾ വ്യക്തിപരമായ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാത്തതിന്റെ നിരാശ ദിവ്യയുടെ വാക്കുകളിൽ ഉണ്ടായിരുന്നു.

ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ലീഗൽ അസിസ്റ്റന്റ് ആയി ജോലി

നോക്കുന്ന ബിനേഷ് ആണ് ജീവിത പങ്കാളി. മികച്ചൊരു ഫുട്ബാൾ താരം കൂടി ആണ് ബിനേഷ്. കുടപ്പനക്കുന്ന് മേരിഗിരി സീനിയർ സെക്കൻഡറി സ്കൂളിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി ആയ ദേവിന ഏക മകളും. അമ്മയെ പോലെ മകൾക്കും നൃത്തത്തിന്റെ പാതയാണ് ഇഷ്ടം.

കുടുംബവും, സഹപ്രവർത്തകരും, സർവോപരി കലാകാരൻമാരെ ഏറെ പ്രോത്സാഹിപ്പിക്കുന്ന TB യും ആണ് തന്റെ ശക്തി സ്രോതസ്സ് എന്ന് വിനയപൂർവ്വം ദിവ്യ പറയുന്നു.

നൃത്തം ഇനിയുമേറെ പഠിക്കാൻ ഉണ്ടെന്ന പക്ഷക്കാരിയാണ് ദിവ്യ. കൂടുതൽ പഠിക്കണം, മികച്ചൊരു നൃത്ത്യാധ്യാപിക ആകണം. ഇതൊക്കെ ആണ് ദിവ്യയുടെ ഭാവി ആഗ്രഹങ്ങൾ.

കലയുടെ ലോകത്ത് നൃത്ത ചുവടുകളുമായി മുന്നേറുന്ന ഈ എളിയ കലാകാരിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ TB കുടുംബത്തിന്റെ ആശംസകൾ.

-----------------------------------------------------------------------------------------------

Article by : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

Let us feature through this column today, someone who inexorably stepped back into the world of dance with renewed vigour after marriage and enlivened the TB meets held at Kollam, Kozhikode, and Kottayam with her effervescent solo and group performances.

Divya V. R,
SBI, Main Branch,
Thiruvananthapuram.

Divya is the elder daughter of Mr. R. Raveendran Nair, who retired as Artist Curator from Thiruvananthapuram Medical College, and Mrs. S. Valsala Kumari, former Headmistress at Nedumangad LMALPS School. Her younger sister, Drisya is a staff nurse by profession and works at SAT Hospital.

Divya is a native of Vengode near Nedumangad.She completed her schooling from Lourdes Mount School, Vattapara, and St. Mary’s Higher Secondary School, Pattom.

She majored in Chemistry at Mar Ivanios College, Trivandrum for her graduation and then earned a master's degree at the Kariavattom Campus under Kerala University and there after,

BEd degree at Mar Theophilus Training College.

She had always yearned to become a teacher like her mother, which inspired her to enrol for the BEd degree. But she could not appear in her second semester exam since motherhood briefly interrupted her path.

She joined a coaching center near her residence and attempted some banking exams. By the time she cleared her remaining B.Ed papers, her banking exam results were out, and she was selected as an SBI Clerk/PO in 2013. Keeping her daughter's needs as her first priority, she opted for clerical cadre. Her first posting was at RBO 1, Ernakulam.

She got transferred to Trivandrum in the year 2015.She served in several city branches and currently works as a Senior Associate at the Main Branch.

Since her school days, Divya has never distanced herself from the stage. She ensured participation in almost all competitions, be it arts or sports, and used to win several accolades.

When she was in ninth grade, she had the opportunity to represent her school in the District Youth Festival. Further, she excelled in work fairs at school and district levels.

During her college days, she would win several quiz competitions and was an active participant in Scoutes and Guides.

Her group secured first position in Margamkali and Thiruvathira competitions at 'Keralotsavam' conducted by the Kerala State Youth Welfare Board in 2021.In 2024, they achieved first position in Thiruvathira and third position in Margamkali.

Divya is a noted presence at many events organized by the bank. She is known for bringing charm and radiance to Sargotsavam stages.

Divya became a member of TB during the quiet days of the COVID quarantine. When she saw other TB members sharing their talents, it lit a spark within her.

She soon began posting videos on her own. Divya also began making skits with her daughter.

She also performs Kaikottikali and Thiruvathira at temples along with members of a club near her home. She has showcased her talents through solo performances at the TB meets held in Kollam, Kozhikode and Kottayam.

She associated with other members of the TB community while she performed at the Mega Thiruvathira staged at the TB meet held at Kozhikode. She regrets not attending the latest TB meet held at her hometown.

Her spouse, Binesh, works as a Legal Assistant at the Government Secretariat and is a football player.Devina, their daughter, who is a 9th-grade student at Marygiri Senior Secondary School, Kudappanakunnu has a fascination for dancing.

Divya acknowledges that her strength rests within her family, colleagues, and most of all, with the TB community and the encouragement they extend to her.

She still believes that her dancing career has just begun. She aspires to become a dance teacher.

As she embraces the opportunities that come across her path, the TB family would like to extend its best wishes to this exceptional artist to leap forward in her artistic journey.